**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **18.08.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. T 2940**

## <u>കായംകുളം ഫിഷിംഗ് ഹാർബറിൽ അപകടങ്ങൾ</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ആർ. രാമചന്ദ്രൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കായംകുളം ഫിഷിംഗ് ഹാർബറിൽ തുടർച്ചയായി അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കായംകുളം പൊഴിയുടെ അഴിമുഖത്ത് അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്നില്ല. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ 18.07.2015, 03.07.2017 തീയതികളിൽ അപകടം നടന്നിട്ടുണ്ട്. ഇത് മണൽ തിട്ടയിൽ തട്ടിയുള്ള അപകടങ്ങൾ അല്ലായെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ബി) | ഹാർബറിൽ ഡ്രഡ്ജിംഗ് നടക്കാത്തതും തകർന്ന പുലിമുട്ടിന്റെ നിർമ്മാണത്തിനുപയോഗിച്ച കല്ലുകൾ ചിതറിക്കിടക്കുന്നതും അപകടം വർദ്ധിപ്പിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | പുലിമുട്ടിന്റെ നിർമ്മാണത്തിനുപയോഗിച്ച കല്ലുകൾ മൂലം അപകടങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഹാർബറിലെ ലൈറ്റുകൾ പ്രവർത്തിക്കാത്തത് കൂടുതൽ അപകടത്തിനു കാരണമാകുന്നതിനാൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വടക്കേ പുലിമുട്ടിൽ ഗൈഡ് ലൈറ്റ് പുനഃസ്ഥാപിച്ചത് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. തെക്കേ പുലിമുട്ടിന്റെ ടിപ്പിന്റെ പുനരുദ്ധാരണത്തിനു ശേഷം ഗൈഡ് ലൈറ്റ് സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ